# പതിനഞ്ചാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം - 2**

**2021 ആഗസ്റ്റ് 09**

നമ്പർ : 74

**'ആസാദി കാ അമൃത് മഹോത്സവ്'-ന്റെ ഭാഗമായി കേരള നിയമസഭ നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന ഫണ്ടിന്റെയും വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ ബഹു. നിയമസഭാംഗങ്ങൾക്കായി പരിചയപ്പെടുത്തുന്ന പരിപാടിയും**

ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷങ്ങൾ രാജ്യവ്യാപകമായി ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ്'-ന്റെ ഭാഗമായി കേരള നിയമസഭ 2023 ആഗസ്റ്റ് മാസം വരെ നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും, ബഹു. നിയമസഭാംഗങ്ങൾക്കായി പ്രത്യേക വികസന നിധിയുടെയും ആസ്തി വികസന ഫണ്ടിന്റെയും വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടിയും കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്)-ന്റെ ആഭിമുഖ്യത്തിൽ **2021 ആഗസ്റ്റ് 10-ാം തീയതി സഭാ സമ്മേളനത്തിനുശേഷം** നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്നു. ബഹു. മുഖ്യമന്ത്രി, ബഹു. പ്രതിപക്ഷ നേതാവ്, ബഹു. ധനകാര്യവകുപ്പ് മന്ത്രി എന്നിവർ പങ്കെടുക്കുന്ന പരിപാടിയിൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ സ്വാഗതം ആശംസിക്കുന്നതും ബഹു. സ്പീക്കർ അദ്ധ്യക്ഷനായിരിക്കുന്നതുമാണ്. താത്പര്യമുള്ള പക്ഷം, നിയോജകമണ്ഡല വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച പരിപാടിയിൽ ബഹു. നിയമസഭാംഗങ്ങളുടെ പേഴ്സണൽ അസിസ്റ്റന്റുമാർക്കും പങ്കെടുക്കാവുന്നതാണ്.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.